(8) പുനർ നിയമനം സംബന്ധിച്ച് ഉത്തരവ് പിൻവലിക്കണമെന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : സർ, പുനർനിയമനം സംബന്ധിച്ച് സർക്കാർ കൊണ്ടുവന്ന ഉത്തരവ് റദ്ദാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സർവ്വീസിൽ നിന്നും പിരിഞ്ഞവരെ നിയമിക്കരുതെന്നാണ് സർക്കാരിന്റെ പൊതുവായ നയം. ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ മാത്രമാണ് റിട്ടയർ ചെയ്തവരെ നിയമിക്കുന്നത്. എന്നാൽ പുനർ നിയമനം സംബന്ധിച്ച് സർക്കാർ കൊണ്ടു വന്ന ഉത്തരവ് റിട്ടയർ ചെയ്തവർക്കു ഒട്ടേറെ ആനുകൂല്യങ്ങൾ നൽകുന്നതാണ്. പുനർ നിയമനം ലഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് അത് നേടിയെടുക്കാനും അവരെ ആകർഷിക്കുവാനും ഇടവരുത്തുന്നതാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ അതിരൂക്ഷമായ ഒരു സംസ്ഥാനമാണ് കേരളം. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ നാം മുൻപിലാണെങ്കിലും തൊഴിലില്ലായ്മയുടെ രൂക്ഷത കണക്കിലെടുത്താണ് പെൻഷൻ പ്രായം ഉയർത്താതിരിക്കുന്നത്. ഈ ഉത്തരവ് പ്രകാരം പുനർ നിയമനം ലഭിക്കുന്നവർക്ക് ശമ്പളവും പെൻഷനും അങ്ങനെ രണ്ട് ആനുകൂല്യങ്ങൾ ലഭിക്കുകയാണ്. ഈ നിയമസഭയിൽ നേരത്തെ ഒരു നിയമം കൊണ്ടുവന്നിരുന്നു. എം.എൽ.എ. മാർക്ക് ശമ്പളവും പെൻഷനും ഒന്നിച്ച് വാങ്ങുന്ന നില ആ നിയമം വഴിയാണ് അവസാനിപ്പിച്ചത്. എന്നാൽ പുനർനിയമനം ലഭിക്കുന്നവർക്ക് ഇത് രണ്ടും വാങ്ങാമെന്ന അവസ്ഥയാണ് ഇപ്പോൾ കൊണ്ടുവന്നത്. ഇത് ശരിയാണോ ? ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സർക്കാർ ജീവനക്കാർക്ക് 10 ശതമാനം ഡി.എ. വർദ്ധനവ് പ്രഖ്യാപിച്ചിരിക്കുകയാണ്. അപ്പോൾ പതിനായിരം രൂപ അടിസ്ഥാന ശമ്പളമുള്ള ഒരു ഉദ്യോഗസ്ഥന് ആയിരം രൂപ ക്ഷാമബത്ത ലഭിക്കും. ഈ ഉദ്യോഗസ്ഥൻ പുനർ നിയമനം ലഭിച്ചതാണെങ്കിൽ റിട്ടയർമെന്റിന്റെ ഭാഗമായിട്ട് പെൻഷനിലും ആയിരം രൂപ കിട്ടും. അങ്ങനെ രണ്ട് ഡി.എ. ഒരാൾക്ക് കിട്ടുകയാണ്. ഇത് വേറൊരു രാജ്യത്തുമില്ല ; വേറൊരു സംസ്ഥാനത്തുമില്ല, മിലിറ്ററി സർവ്വീസിൽ പോലുമില്ല. ഇതു സംബന്ധിച്ച് എ.ജി. തന്നെ ഇങ്ങനെയൊരു ഉത്തരവിന്റെ സാധുതയെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അത് ഗൗരവതരമായി പരിശോധിക്കണം. പുനർ നിയമനം സംബന്ധിച്ച് സർക്കാർ കൊണ്ടുവന്നിട്ടുള്ള ഉത്തരവ് പിൻവലിക്കണം. ശമ്പളവും പെൻഷനും അങ്ങനെ രണ്ട് ആനുകൂല്യം ഒരാൾക്ക് കൊടുക്കുന്ന ഇന്നത്തെ അവസ്ഥയിൽ മാറ്റം വരുത്താൻ സാധിക്കത്തക്ക വിധത്തിൽ വ്യക്തമായ ഉത്തരവിറക്കണം. കെ.എസ്.ആർ-ന്റെ റൂളിൽ ഭേദഗതി വരുത്തിക്കൊണ്ട് ഏതാനും ചില ആളുകൾക്കുവേണ്ടിയാണ് ഈ തരത്തിലുള്ള ഒരു ഉത്തരവ് കൊണ്ടുവന്നിട്ടുള്ളത്. ഇത് അങ്ങേയറ്റം തെറ്റാണ്, സർക്കാരിന്റെ പൊതുനയത്തിന് എതിരുമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 23-3-1998 -ലെ ജി.ഒ.(പി)1088/98 ഫിൻ. പ്രകാരം സർവ്വീസിൽ പുനർനിയമനം ലഭിച്ച ഉദ്യോഗസ്ഥർക്ക് ശമ്പളത്തോടൊപ്പം പെൻഷനും ക്ഷാമബത്തയും വാങ്ങാൻ അനുമതി നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഈ ഉത്തരവ് പുന:പരിശോധന നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly